**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4207** **06-03-2023 - ൽ മറുപടിയ്ക്ക്**

**ചരക്ക് സേവന നികുതി വകുപ്പിന് കീഴിൽ ഈടായി വാങ്ങി സൂക്ഷിച്ചിരിക്കുന്ന രേഖകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചരക്ക് സേവന നികുതി വകുപ്പിന് കീഴിൽ കാലഹരണപ്പെട്ട നികുതി നിയമങ്ങളുമായി ബന്ധപ്പെട്ട് ( നിലവിലുള്ള മണി ലെൻഡിങ് ആക്ട് , കെ.ജി.എസ്.റ്റി. ആക്ടിൽ സജീവമായ സ്ഥാപനങ്ങൾ ഒഴികെ) സമർപ്പിച്ചിട്ടുള്ള വകുപ്പിലേയ്ക്ക് ലീൻ മാർക്ക് ചെയ്തിരിക്കുന്ന പോസ്റ്റോഫീസ് അക്കൗണ്ടുകൾ, ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ സാക്ഷ്യപത്രങ്ങൾ, ബാങ്ക് സ്ഥിര നിക്ഷേപ സാക്ഷ്യപത്രങ്ങൾ, ബാങ്ക് ഗ്യാരന്റികൾ തുടങ്ങി ഈടായി വാങ്ങി സൂക്ഷിച്ചിരിക്കുന്ന രേഖകൾ എത്ര ഡീലർമാരുടേതുണ്ട് എന്ന വിവരം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ ചരക്ക് സേവന നികുതി വകുപ്പിന് കീഴിൽ കാലഹരണപ്പെട്ട നികുതി നിയമങ്ങളുമായി ബന്ധപ്പെട്ട് വകുപ്പിലേക്ക് ലീൻ മാർക്ക് ചെയ്തിരിക്കുന്ന പോസ്റ്റോഫീസ് അക്കൗണ്ടുകൾ, ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ സാക്ഷ്യപത്രങ്ങൾ, ബാങ്ക് സ്ഥിര നിക്ഷേപ സാക്ഷ്യപത്രങ്ങൾ, ബാങ്ക് ഗ്യാരന്റികൾ തുടങ്ങി 2,67,368 പേരുടെ രേഖകൾ ഈടായി വാങ്ങി വെച്ചിട്ടുണ്ട്. |
| (ബി) | മേൽ പറഞ്ഞ ഇനങ്ങളിൽ എത്ര സാക്ഷ്യപത്രങ്ങൾ ഈടായി വാങ്ങി സൂക്ഷിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | 3,01,828 സാക്ഷ്യപത്രങ്ങൾ ഈടായി വാങ്ങി വെച്ചിട്ടുണ്ട്. |
| (സി) | ആയതിന്റെ മുഖവില എത്ര തുക വരും എന്നതിന്റെ വിശദാംശം നൽകാമോ? | (സി) | ആയതിന്റെ മുഖവില 381.83 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ